കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (KSTA)

# സ്റ്റേറ്റ് അക്കാദമിക് കൗൺസിൽ

CM KID SCHOLARSHIP UP

**മാതൃകാ പരീക്ഷ - 2026 ഫെബ്രുവരി 08**

Question Booklet No. 456789

SET **M**

Maximum: 50 scores | PAPER 1 | Time: 2 Hrs

Roll No. | | | | | | |

| Paper - 1 | Part - A |
|---|---|

| Question Paper Code | Are/Subjects | No. of Questions | Sl. No. of Questions | Sl. No. of Pages |
|---|---|---|---|---|
| 101 M | First Language | 15 | 1-15 | |
| 102 M | First Language - Malayalam (BT) | 15 | 16-30 | |
| 103 M | Mathematics (Malayalam Medium) | 20 | 31-50 | |

## നിർദ്ദേശങ്ങൾ

**ചോദ്യബുക്ക്ലെറ്റിന്റെ കവർ പേജിലും, ഒ.എം.ആർ. ഷീറ്റിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കണമെന്ന് അനുശാസിക്കുന്നു.**

1. പരീക്ഷാസമയമായ 1 3/4 മണിക്കൂറിന് പുറമേയുള്ള 15 മിനിറ്റ് കൂൾ ഓഫ് ടൈം ആയിരിക്കും.
2. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനും മറ്റുള്ളവരുമായി ആശയവിനിമയം നടത്താനും പാടില്ല.
3. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
4. പേപ്പർ ഒന്നിൽ **അൻപത് (50)** ചോദ്യങ്ങൾ ഉണ്ടായിരിക്കും. **പാർട്ട് – എ ഒന്നാം ഭാഷ – 15** ചോദ്യങ്ങൾ. **പാർട്ട് – ബി ഒന്നാം ഭാഷ (ബി.ടി) – 15** ചോദ്യങ്ങൾ. **പാർട്ട് – സി – ഗണിതശാസ്ത്രം – 20** ചോദ്യങ്ങൾ. (പേപ്പർ 1 ആകെ ചോദ്യങ്ങൾ 50 ആകെ മാർക്ക്– 50)
5. ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് (മൈനസ് മാർക്ക്) ഉണ്ടായിരിക്കുന്നതല്ല.
6. ഉത്തരമെഴുതുവാൻ ഒ.എം.ആർ. ഷീറ്റിലും, ചോദ്യപേപ്പറിലും തന്നിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും അനുസരിക്കണമെന്ന് പരീക്ഷാർത്ഥികളെ അനുശാസിക്കുന്നു.
7. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പായി ഒ.എം.ആർ. ഷീറ്റിന്റെ മുകൾഭാഗത്തുള്ള കളങ്ങൾ പൂരിപ്പിക്കുക.
8. ഒ.എം.ആർ. ഷീറ്റിൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതിന് നീല മഷിയോ, കറുപ്പ് മഷിയോ ഉള്ള ബോൾ പോയിന്റ് പേനകൾ മാത്രം ഉപയോഗിക്കുക.
9. ഒ.എം.ആർ. ഷീറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തി വിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്തുവാൻ പാടില്ല. അങ്ങനെ എന്തെങ്കിലും ചെയ്താൽ അവരുടെ ഒ.എം.ആർ. ഷീറ്റ് റദ്ദാക്കുന്നതാണ്.

## Part B

# First Language (BT)

**ചുവടെ തന്നിട്ടുള്ള കവിതാഭാഗം വായിച്ച് തുടർന്ന് നൽകിയ 16 മുതൽ 20 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതു.**

**ഗ്രാമമഴ**

പെരുമഴപെയ്തു ഗ്രാമത്തിൽ
വഴികളിലെല്ലാം ചളിപിളിയായ്
ഇടവഴിപോലെ ഉണങ്ങിയ തോട്ടിൽ
പെരിയ ജലപ്പാമ്പിഴയുകയായ്
എലികളെറുമ്പുകൾ പാമ്പുകളിങ്ങനെ
മടകളിൽ വാഴുന്നോർക്കെല്ലാം
പെരുമഴ വലിയൊരു വിനയായി.
അതികഠിനം വേനൽച്ചൂടിൽ
എരിപൊരി കൊണ്ട് കഴിഞ്ഞോർക്ക്
പെരുമഴ സുഖദം കുളിർമഴയായ്
ഇലകളിൽ മഴയുടെ മോഹനനൃത്തം
ഇടിയുടെ മേളം കാറ്റിന്നീണം
കതിരിടുവാനായ് നിൽക്കും
വയലിൽ കാണുക ഹരിതത്തിരമാല
(വിശ്വൻ)

16. ഹരിതത്തിരമാല കാണുന്നതെവിടെ ?

a) കടലിൽ b) മഴയിൽ
c) വയലിൽ d) കാട്ടിൽ

17. ‘മട’ എന്ന പദത്തിന് സമാനമായ പദം താഴെകൊടുത്തവയിൽ നിന്ന് തെരഞ്ഞെടുക്കൂ?

a) മാളം b) വീട്
c) കാട് d) കൂട്

18. വേനൽച്ചൂടിന്റെ കാഠിന്യത്തെ സൂചിപ്പിക്കാൻ കവിതയിൽ ചേർത്തിരിക്കുന്ന ശൈലിയേത്?

a) കിടുകിടെ വിറച്ചു b) എരിപൊരി കൊണ്ടു
c) വേദന കൊണ്ടു പുളഞ്ഞു d) കുളിർമഴയായി

19. മഴയുടെ വ്യത്യസ്ത ഭാവങ്ങളായി ഇവിടെ പറയുന്നത് എന്തെല്ലാമാണ്?

1 :- ഇലകളിൽ മഴയുടെ മോഹന നൃത്തം
2 :- ഇടിയുടെ മേളം
3 :- കാറ്റിന്റെ ഈണം

a) ഒന്നും രണ്ടും ശരി b) രണ്ടുമൂന്നും ശരി
c) ഒന്നും മൂന്നും ശരി d) എല്ലാം ശരി

20. പെരുമഴയെക്കുറിച്ച് പറയുന്ന പ്രസ്താവനകളിൽ ശരി ഏതെല്ലാമാണ്?

1:- മടകളിൽ കഴിയുന്നവർക്ക് പെരുമഴ വലിയ വിനയായി

2:- എലികൾക്കും പാമ്പുകൾക്കും ഉറുമ്പുകൾക്കും അനുഗ്രഹമായി മാറി

3:- വേനൽച്ചൂടിൽ എരിപൊരി കൊണ്ടവർക്ക് കുളിർമഴയായി

a) ഒന്നും രണ്ടും ശരി
b) ഒന്നും മൂന്നും ശരി
c) രണ്ടും മൂന്നും ശരി
d) എല്ലാം ശരി

21. 'രാപകൽ' എന്ന പദം വിഗ്രഹിച്ചെഴുതിയാൽ ഏറ്റവും ശരിയായത് ഏത്?

a) രാവിലത്തെ പകൽ
b) രാവിന്റെ പകൽ
c) രാവും പകലും
d) രാവ് കഴിഞ്ഞുള്ള പകൽ

22. 'ചെണ്ട കൊട്ടിക്കുക' എന്ന ശൈലിയോട് യോജിക്കാത്ത വാക്യമേത്?

a) ആരെയും കളിയാക്കുന്നത് നന്നല്ല

b) മറ്റുള്ളവരെ സ്നേഹിക്കുകയാണ് വേണ്ടത്

c) ക്ലാസിൽ അവനെ എല്ലാവരും പരിഹസിക്കും

d) മറ്റുള്ളവരെ കളിയാക്കുന്ന ശീലം നാം ഒഴിവാക്കണം.

23. 'കൊത്തിയെടുത്ത്' എന്നത് പിരിച്ചെഴുതിയാൽ

a) കൊത്തിയ + എടുത്ത്
b) കൊത്തി + യെടുത്ത്
c) കൊത്തിയത് + എടുത്ത്
d) കൊത്തി + എടുത്ത്

24. 'പരദേശി' യുടെ വിപരീത പദമായി വരുന്നത്?

a) വിദേശി
b) സ്വദേശി
c) അന്യനാട്ടുകാർ
d) അഗതി

25. 'ഫാത്തിമത്തുരുത്തിൽ' ആരോടൊപ്പം പാടാനാണ് കവി ആഗ്രഹിക്കുന്നത്?

a) പൂക്കളോടൊപ്പം
b) കൊപ്ലിമീനിനൊപ്പം
c) രാത്രി കാലത്തു പാടുന്ന കിളിയോടൊപ്പം
d) പൂച്ചകൾക്കൊപ്പം

26. 'തുമ്മാൻ ചെരുതി, യുടുപുടവത്തുമ്പ്'- തുമ്മാൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്

a) തുമ്മുക
b) വെറ്റില മുറുക്കാൻ
c) ലഘുഭക്ഷണപദാർത്ഥം
d) പിരിയോല

27. കുമ്മാട്ടിയിൽ ഏതു രൂപത്തിനാണ് വാഴച്ചപ്പു കൊണ്ട് വേഷം കെട്ടുന്നത്?

a) പന്നി
b) തള്ള
c) ഹനുമാൻ
d) കൃഷ്ണൻ

28. പുറംമോടി കാണിക്കുന്നതുമായി ബന്ധപ്പെട്ട പഴഞ്ചൊല്ല് താഴെ കൊടുത്തതിൽ ഏതാണ് ?

a) അഴകുള്ള ചക്കയിൽ ചുളയില്ല

b) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

c) വിത്താഴം ചെന്നാൽ പത്തായം നിറയും

d) പഴഞ്ചൊല്ലിൽ പതിരില്ല

29. എയ്സൽ കൊച്ചുമോൻ ഏതു കാർഷിക മേഖലയിലാണ് പ്രശസ്തി കൈവരിച്ചത്?

a) മീൻ കൃഷി

b) റബ്ബർ

c) പച്ചക്കറി

d) നാളീകേരം

30. തൊട്ടാൽ കട്ടിക്കാരൻ

കട്ടിക്കുള്ളിൽ ചുവപ്പ് മെത്ത

മെത്തക്കുള്ളിൽ പൂന്തേനാണേ

പൂന്തേനൊപ്പം ഉണ്ണികളുണ്ടേ

ഈ കടങ്കഥയുടെ ഉത്തരം ചുവടെ നൽകിയിട്ടുള്ളതിൽ ഏതാണ്?

a) മാമ്പഴം

b) തണ്ണിമത്തൻ

c) മുന്തിരി

d) ആപ്പിൾ

## Part C

# Mathematics

31) $(2^3)^6$ ന്റെ ഘടകങ്ങളുടെ എണ്ണത്തിന് തുല്യ എണ്ണം ഘടകങ്ങളുള്ളവ ഏതെല്ലാം ?

i) $2^2 \times 3^5$ ii) $3^8 \times 5$ iii) $4 \times 5^2 \times 3$ iv) $4^5 \times 5^2$

A i,ii B i,ii,iii C ii,iii,iv D എല്ലാം ശരി

32) 8 ന്റെ $2\frac{1}{2}$ മടങ്ങ് എന്നാൽ, താഴെപ്പറയുന്നതിൽ ഏതാണ് ശരി ?

i) 8 ന്റെ ഇരട്ടിയും 8 ന്റെ പകുതിയും ചേർന്നതാണ്.

ii) 8 ന്റെ പകുതിയുടെ 5 മടങ്ങാണ്.

iii) 8 ന്റെ 5 മടങ്ങിന്റെ പകുതിയാണ്

iv) $\frac{5}{2}$ ന്റെ 8 മടങ്ങാണ്.

A എല്ലാം ശരി B i,ii C ii,iii,iv D ii,iv

33) 27 ലിറ്റർ പാൽ 6 വലിയ കുപ്പികളിൽ തുല്യമായി നിറച്ചു. ഒരു വലിയ കുപ്പിയിലെ പാൽ 5 ചെറിയ കുപ്പികളിൽ തുല്യമായി നിറച്ചു. ചെറിയ കുപ്പിയിലെ പാലിന്റെ അളവ് എത്ര ?

A 9 ലിറ്റർ B 90 മില്ലിലിറ്റർ C 900 മില്ലിലിറ്റർ D 0.9 മില്ലിലിറ്റർ

34) ഒരു വസ്തുവിന്റെ വിറ്റവിലയും ലാഭവും തമ്മിലുള്ള അംശബന്ധം 7:2 ആണ്. എങ്കിൽ ലാഭ ശതമാനം എത്ര ?

A 20% B 40% C 30% D ഇതൊന്നുമല്ല

35) 101 ൽ താഴെയുള്ള സംഖ്യകളിൽ 9 കൊണ്ട് പൂർണ്ണമായി ഹരിക്കാൻ കഴിയാത്ത സംഖ്യകളുടെ തുകയെത്ര ?

A 4546 B 4564 C 5446 D 4456

36) ശ്രേണിയിൽ അടുത്തത് ഏത് ?

AJM , CKO, EMQ , GPS , ..........

A ITV B HTU C IUV D ITU

37) തന്നിരിക്കുന്ന അളവുകളിൽ മട്ടത്രികോണത്തിന്റെ വശങ്ങളുടെ അളവുകൾ ഏത് ?

i. 3 സെന്റീമീറ്റർ ,5 സെന്റീമീറ്റർ , 4 സെന്റീമീറ്റർ

ii. 12 സെന്റീമീറ്റർ ,5 സെന്റീമീറ്റർ , 13 സെന്റീമീറ്റർ

iii. 9 സെന്റീമീറ്റർ ,7 സെന്റീമീറ്റർ , 14 സെന്റീമീറ്റർ

iv. 15 സെന്റീമീറ്റർ ,25 സെന്റീമീറ്റർ , 20 സെന്റീമീറ്റർ

A) i ,ii , iii B) iii , iv C) i , ii , iv D) i , iii & iv

38) ബീനക്കും സീനക്കും കൂടി ഒരു മത്സരപ്പരീക്ഷയിൽ ലഭിച്ച ശരാശരി മാർക്ക് 75 ആണ്.

സീനക്ക് ലഭിച്ചത് 82 മാർക്ക് ആണ്.

താഴെ കൊടുത്തവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

i) ബീനയുടെ മാർക്ക് 68 ആണ്.

ii) സീനക്ക് ബീനയെക്കാൾ 14 മാർക്ക് കൂടുതലുണ്ട്.


iii) ഇരുവരുടെയും ആകെ മാർക്ക് 150 ആണ്.

iv) ബീനക്ക് 78 മാർക്കുണ്ട്.

A. i, ii, iv ശരി iii തെറ്റ് B. i ശരി ii,iii, iv തെറ്റ്

C. i,ii iii, ശരി iv തെറ്റ് D. എല്ലാം ശരി

39) ചിത്രത്തിലുള്ള ത്രികോണങ്ങളുടെ എണ്ണം



A 12 B 16

C 10 D 14


40) 5.4 cm നീളവും 2.4 cm വീതിയും ഉള്ള ഒരു ചതുരത്തിന്റെ പരപ്പളവിന് തുല്യ പരപ്പളവുള്ള ഒരു സമചതുരത്തിന്റെ ഒരു വശം എത്ര ?

A 36cm B 32cm C 3.2 cm D 3.6 cm

41) $3^1+3^2+3^3+3^4+3^5+...........3^{100}$ ന്റെ ഒറ്റ യുടെ സ്ഥാനത്തെ അക്കം ഏത് ?

A 3 B 0 C 7 D 9

42)




ചിത്രത്തിലെ സമചതുരത്തിൽ മധ്യബിന്ദുക്കൾ അടയാളപ്പെടുത്തിയിരിക്കുന്നു.സമചതുരത്തിന്റെ ചുറ്റളവ് 32 cm ആയാൽ ഷെയ്ഡ് ചെയ്യാത്ത ഭാഗത്തിന്റെ പരപ്പളവ് എത്ര ?

A 32 ച.സെ.മീ B 64 ച.സെ.മീ

C 16 ച.സെ.മീ D 48 ച.സെ.മീ

43) ചിത്രത്തിൽ മൂന്ന് വരകൾ സമാന്തരമാണ്.

കോൺ p എത്ര ?




A 35° B 42°

C 34° D 36°

44) ഒരു ചതുരത്തിന്റെ നീളം 50 % കൂടി വീതി 50% കുറഞ്ഞാൽ പരപ്പളവ് എത്ര ശതമാനം ആകും ?

A 25% കൂടും B 25% കുറയും C 50% കൂടും D മാറ്റം വരില്ല

45) ചുവടെ നൽകിയിരിക്കുന്ന കൂട്ടങ്ങളിൽ ത്രികോണം നിർമ്മിക്കാൻ കഴിയുന്ന അളവുകൾ ഏതൊക്കെയാണ്?

i. 5.5 സെ.മി, 6.5 സെ.മി, 12 സെ.മി

ii. 2 സെ.മി, 3 സെ.മി, 4 സെ.മി

iii. 9.5 സെ.മി, 4.5 സെ.മി, 4 സെ.മി

iv. 6 സെ.മി, 6 സെ.മി, 6 സെ.മി

(A) i ഉം iii ഉം ശരിയാണ് (B) ii ഉം iv ഉം ശരിയാണ്

(C) i ഉം iv ഉം ശരിയാണ് (D) ii ഉം iii ഉം ശരിയാണ്

46) 578 നെ ഏറ്റവും ചെറിയ ഏത് സംഖ്യ കൊണ്ട് ഗുണിച്ചാൽ പൂർണവർഗ്ഗമാകും?

A 6 B 4 C 2 D 3

47) k - 4 , k , k + 2 ഇവ തുടർച്ചയായ 3 അഭാജ്യസംഖ്യകളായാൽ k യുടെ വിലയെത്ര?

A 13 B 15 C 17 D 11

48) $\sqrt{36} + \sqrt{0.36} + \sqrt{0.0036} + \sqrt{0.000036}$

A 0.666 B 6.666 C 6.606 D 6.066

49) $\frac{m^5}{m^{10}} \div m^2$ = ________________

A $\frac{m^2}{m^5}$ B $\frac{m^5}{m^2}$ C $m^7$ D $\frac{1}{m^7}$

**50)** പട്ടിക പരിശോധിച്ച് ശരിയായ ജോടി കണ്ടെത്തുക.

| A | B |
|---|---|
| **i)** ഒരു രണ്ടക്കസംഖ്യ | **a)** 2m - 1 |
| **ii)** രണ്ട് സംഖ്യകളുടെ തുക | **b)** 10k + n |
| **iii)** ഒറ്റസംഖ്യകളുടെ ശ്രേണി | **c)** 3p - 1 |
| **iv)** ഒരു സംഖ്യയുടെ മൂന്ന് മടങ്ങിൽ നിന്ന് ഒന്ന് കുറച്ചത് | **d)** a + b |

**A** i – c ,ii – d , iii – a , iv – b **B** i – b ,ii – d , iii – a , iv – c

**C** i – d ,ii – c , iii – a , iv – b **D** i – a ,ii – d , iii – c , iv – b